LIBRARY ARCHIVES Kerala Legislative Assembly

സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ സീറ്റുകൾ

144 [763] ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:

ശ്രീമതി മാലേത്ത് സരളാദേവി:

ശ്രീ. വർക്കല കഹാർ:

,, എഴുകോൺ നാരായണൻ:

,, വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ ആരംഭിക്കുവാനനുമതി നൽകിയിട്ടുണ്ട്. ഇവ എവിടെയെല്ലാമാണ്;

(ബി) കോളേജുകൾ നിലവിൽ വരുമ്പോൾ എഞ്ചിനീയറിംഗ്, മെഡിസിൻ, എം. ബി. എ., എം. സി. എ. എന്നിവയുടെ പഠനത്തിൽ ആകെയെത്ര സീറ്റുകളുണ്ടാകുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ ആരംഭിക്കുവാൻ അനുമതി നൽകിയ സ്വാശയ പ്രൊഫഷണൽ കോളേജുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

എഞ്ചിനീയറിംഗ് കോളേജുകൾ

(1) കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കല്ലൂപ്പാറ, പത്തനംതിട്ട.

(2) കോളേജ് ഓഫ് എഞ്ചിനീയറിംഗ്, ചേർത്തല, ആലപ്പുഴ.

(3) കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കൊട്ടാരക്കര, കൊല്ലം.

(4) കോളേജ് ഓഫ് എഞ്ചിനീയറിംഗ്, ആറ്റിങ്ങൽ, തിരുവനന്തപുരം.

(5) സാരാഭായ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് & ടെക്നോളജി, കാട്ടാക്കട, വെള്ളനാട്, തിരുവനന്തപുരം.

(6) വേദവ്യാസ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, പൊന്നമ്പാടം, മലപ്പുറം.

ഫാർമസി കോളേജുകൾ

(1) ജാമിയ സലാഫിയ ഫാർമസി കോളേജ്, പുളിക്കൽ, മലപ്പുറം.

(2) മാലിക്ദിനാർ കോളേജ് ഓഫ് ഫാർമസി, സീതങ്കോലി, ബേല, കാസർഗോഡ്.

(3) ജെ. ഡി. റ്റി. ഇസ്ലാം കോളേജ് ഓഫ് ഫാർമസി, വെള്ളിമാട്കുന്ന്, കോഴിക്കോട്.

(4) സെന്റ് ജയിംസ് മെഡിക്കൽ അക്കാഡമി, ചാലക്കുടി.

(5) പുഷ്പഗിരി മെഡിക്കൽ സൊസൈറ്റി, തിരുവല്ല.

എം. സി. എ. സ്ഥാപനങ്ങൾ

(1) വെസ്റ്റ് ഫോർട്ട് ഹയർ എഡ്യൂക്കേഷൻ ട്രസ്റ്റ്, മുളംകുന്നത്ത്കാവ്, പൊട്ടൂർ പി. ഒ., തൃശ്ശൂർ.

(2) എസ്. സി. എം.എസ്. സ്കൂൾ ഓഫ് ടെക്നോളജി & മാനേജ്മെന്റ് മുട്ടം, ആലുവ.

എം. ബി. എ. സ്ഥാപനങ്ങൾ

(1) എലീജാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്റ്റഡീസ്, സെന്റ് മേരീസ് സ്ട്രീറ്റ്, തൃശ്ശൂർ.

(2) ജയഭാരത് ആർട്ട് & സയൻസ് കോളേജ്, പെരുമ്പാവൂർ, എറണാകുളം.

(3) പ്രതാപ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സയൻസ്, മുട്ടം, ആലുവ.

(4) വെസ്റ്റ് ഫോർട്ട് ഹയർ എഡ്യൂക്കേഷൻ ട്രസ്റ്റ്, പോട്ട, മുളം കുന്നത്ത്കാവ്, തൃശ്ശൂർ.

(5) ചിൻമയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, ചാല പി.ഒ., തോട്ടട, കണ്ണൂർ.

(ബി) കോളേജുകൾ നിലവിൽ വരുമ്പോൾ എഞ്ചിനീയറിംഗ് 19513 സീറ്റുകളും. മെഡിസിന് 1500 സീറ്റുകളും എം.സി.എ.യ്ക്ക് 1490 സീറ്റുകളും എം.ബി.എ.യ്ക്ക് 870 സീറ്റുകളും ഉണ്ടാകും.

സ്വാശ്രയ പ്രൊഫഷണൽ കോളേജുകളും സീറ്റും

145[764] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര സ്വാശ്രയ പ്രൊഫഷണൽ കോളേജുകളാണ് ഇതിനകം പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്;

(ബി) ഇതിൽ എഞ്ചിനീയറിംഗ്, മെഡിക്കൽ കോളേജുകൾ എത്രയാണ്; മറ്റുള്ളവ എത്രയാണ്;

(സി) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ ആകെ എത്ര സീറ്റുകളാണ് ഉള്ളത്; ഇതിൽ എത്ര സീറ്റുകൾ കഴിഞ്ഞ വർഷം ഒഴിഞ്ഞു കിടന്നിരുന്നു?

LIBRARY ARCHIVES Kerala Legislative Assembly